**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2149** **16-03-2022 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് മണ്ഡലത്തിൽ പുതിയ ഹോമിയോ ആശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ പുതുതായി ഹോമിയോ ആശുപത്രികൾ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | കേരള സംസ്ഥാനത്തെ സമ്പൂർണ്ണ ഹോമിയോപ്പതി സംസ്ഥാനമാക്കുക എന്ന ലക്ഷ്യത്തോടുകൂടി സർക്കാരിന്റെയോ എൻ.എച്ച്.എം.-ന്റെയോ, എസ്.സി.പി.യുടെയോ ഡിസ്പെൻസറികൾ ഇല്ലാത്ത എല്ലാ പഞ്ചായത്തുകളിലും ഹോമിയോപ്പതി ഡിസ്പെൻസറികൾ ആരംഭിക്കുക എന്നതാണ് സർക്കാരിന്റെ നയം. പ്രസ്തുത നയം ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹോമിയോ ഡിസ്പെൻസറികൾ നിലവിലില്ലാത്ത വല്ലച്ചിറ ഗ്രാമപഞ്ചായത്ത് ഉൾപ്പെടെ ഉള്ള എല്ലാ പഞ്ചായത്തുകളിലും ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നത് സംബന്ധിച്ച് അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയുടേയും സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയുടെയും അടിസ്ഥാനത്തിൽ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. |
| (ബി) | പുതുക്കാട് മണ്ഡലത്തിലെ വല്ലച്ചിറ ഗ്രാമപഞ്ചായത്തിൽ നിലവിൽ ഹോമിയോ ഡിസ്പെൻസറി ഇല്ലാത്ത സാഹചര്യത്തിൽ പഞ്ചായത്ത് കെട്ടിട സൗകര്യം ഉൾപ്പെടെ സജ്ജമാക്കി സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണിച്ച് ഹോമിയോ ഡിസ്പെൻസറി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | കേരള സംസ്ഥാനത്തെ സമ്പൂർണ്ണ ഹോമിയോപ്പതി സംസ്ഥാനമാക്കുക എന്ന ലക്ഷ്യത്തോടുകൂടി സർക്കാരിന്റെയോ എൻ.എച്ച്.എം.-ന്റെയോ, എസ്.സി.പി.യുടെയോ ഡിസ്പെൻസറികൾ ഇല്ലാത്ത എല്ലാ പഞ്ചായത്തുകളിലും ഹോമിയോപ്പതി ഡിസ്പെൻസറികൾ ആരംഭിക്കുക എന്നതാണ് സർക്കാരിന്റെ നയം. പ്രസ്തുത നയം ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹോമിയോ ഡിസ്പെൻസറികൾ നിലവിലില്ലാത്ത വല്ലച്ചിറ ഗ്രാമപഞ്ചായത്ത് ഉൾപ്പെടെ ഉള്ള എല്ലാ പഞ്ചായത്തുകളിലും ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നത് സംബന്ധിച്ച് അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയുടേയും സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയുടെയും അടിസ്ഥാനത്തിൽ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ